**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1601** **19-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി ആകെ 427 പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 176 അപേക്ഷകൾ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെട്ടിട്ടുള്ളതും 92 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ എത്ര പേർക്കാണ് പട്ടയം നൽകാനുള്ളതെന്ന വിവരം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ 26 പട്ടയ അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. |
| (സി) | അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ? | (സി) | അവശേഷിക്കുന്ന 26 അപേക്ഷകളിൽ 4 എണ്ണം താലൂക്ക് സർവ്വേയറിൽ നിന്നും റിപ്പോർട്ട് ലഭ്യമാകാൻ ഉള്ളതും 1 എണ്ണം മുനിസിപ്പാലിറ്റിയിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാകേണ്ടതും 4 അപേക്ഷകളുടെ റിപ്പോർട്ട് വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകേണ്ടതും 17 LT അപേക്ഷകളിൽ ഹിയറിംഗ് നടന്നു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ